بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**ജുമുഅഃ ഖുത്വ്ബ**
**സംഗ്രഹം**
**24-10-2025**

# തബൂക്ക് യുദ്ധപശ്ചാത്തലം

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്

اَشۡھَدُ اَنۡ لَّاۤ اِلٰہَ اِلَّا اللّٰہُ وَحۡدَہٗ لَا شَرِیۡکَ لَہٗ وَاَشۡھَدُ اَنَّ مُحَمَّدًا عَبۡدُہٗ وَرَسُوۡلُہٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰہِ مِنَ الشَّیۡطٰنِ الرَّجِیۡمِ - بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ -
اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ○ الرَّحۡمٰنِ الرَّحِیۡمِ ○ مٰلِکِ یَوۡمِ الدِّیۡنِ ○ اِیَّاکَ نَعۡبُدُ وَاِیَّاکَ نَسۡتَعِیۡنُ ○
اِہۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ○ صِرَاطَ الَّذِیۡنَ اَنۡعَمۡتَ عَلَیۡہِمۡ ۬ۙ غَیۡرِ الۡمَغۡضُوۡبِ عَلَیۡہِمۡ وَلَا الضَّآلِّیۡنَ ○

തശഹ്ഹുദ്, തഅവ്വുദ്, തസ്മിയ, സൂറത്തുൽ ഫാത്തിഹ എന്നിവ പാരായണം ചെയ്ത ശേഷം, ഹുസൂർ അൻവർ(അയ്യദഹുല്ലാഹ്..) പറഞ്ഞു:

ഇന്നും ഞാൻ തബൂക്ക് യുദ്ധസംഭവങ്ങളാണ് വിവരിക്കുന്നത്.

ജദ്ദ് ബിൻ ഖൈസ് എന്ന വ്യക്തിയുടെ സംഭവം വിവരിക്കപ്പെട്ടിട്ടുണ്ട്. ഇയാളും കപടവിശ്വാസികളിൽ ഒരാളായിരുന്നു. അബ്ദുല്ല ബിൻ ഉബയ്യിനു ശേഷം കപടവിശ്വാസികളുടെ മറ്റൊരു വലിയ നേതാവ് ആയിരുന്നു. ഹുദൈബിയ്യ സന്ധിയുടെ സമയത്ത് പോലും ബൈഅത്ത് ചെയ്യാതിരുന്ന വ്യക്തിയാണ് ഇയാൾ. നബി തിരുമേനി(സ)യുടെ അടുക്കൽ ഹാജരായി യുദ്ധത്തിന് പോകാതിരിക്കാൻ ഇയാൾ ഒഴികഴിവും പറഞ്ഞിരുന്നു.

അയാൾ പറഞ്ഞു: അല്ലാഹുവിന്റെ ദൂതരേ, എനിക്ക് ഒഴിവ് നൽകുക. എന്നെ കുഴപ്പത്തിൽ ആക്കരുത്. അല്ലാഹുവാണെ സത്യം, സ്ത്രീകളോട് എന്നെക്കാൾ ആസക്തിയുള്ള മറ്റൊരാളുമില്ലെന്ന് എന്റെ ഗോത്രത്തിന് നന്നായി അറിയാം. ബനൂ അസ്ഫറിലെ സ്ത്രീകളെ കണ്ടാൽ എനിക്ക് അത് അടക്കാൻ കഴിയില്ലെന്ന് ഞാൻ ഭയപ്പെടുന്നു. നികൃഷ്ടമായ ഈ മറുപടി കേട്ട റസൂലുല്ലാഹി (സ) അയാളിൽ നിന്ന് ശ്രദ്ധ തിരിച്ചുകൊണ്ട് പറഞ്ഞു: 'ശരി, പോയ്ക്കൊള്ളൂ. നിനക്ക് അനുമതിയുണ്ട്.' ഇദ്ദേഹത്തിന്റെ മകനും ബദരീ സഹാബിയും അതീവ വിശ്വസ്തനുമായ ഹദ്റത്ത് അബ്ദുല്ല ബിൻ ജദ്ദ് (റ)ഇതെല്ലാം കേട്ടപ്പോൾ ക്ഷുഭിതനായി പറഞ്ഞു: 'ഇല്ല, അല്ലാഹുവാണ് സത്യം, താങ്കൾ യുദ്ധത്തിന് പോകാത്തത് കപടവിശ്വാസം കാരണമാണ്. അല്ലാഹുവാണെ സത്യം, താങ്കളെക്കുറിച്ച് അല്ലാഹുവിന്റെ റസൂലിന് തീർച്ചയായും ഖുർആൻ അവതരിക്കും.' എനിക്ക് ഒഴിവ് തന്നാലും, എന്നെ കുഴപ്പത്തിൽ ആക്കരുത് എന്നു പറയുന്നവരും അവരിലുണ്ട് എന്ന ഖുർആനിക വചനം ജദ്ദ് ബ്നു ഖൈസിനെ സംബന്ധിച്ചാണെന്ന് ഒരു നിവേദനത്തിലുണ്ട്. പിൽകാലത്ത് അയാൾ പശ്ചാത്തപിച്ച് നല്ല നിലയിൽ തിരിച്ചു വരുകയും ഹദ്റത്ത് ഉസ്മാന്റെ (റ) ഖിലാഫത്ത് കാലത്ത് മരണപ്പെട്ടു എന്നും പറയപ്പെടുന്നു.

മദീനയിൽ കപടവിശ്വാസികളും ജൂതന്മാരും തെറ്റായ കിംവദന്തികൾ പ്രചരിപ്പിച്ച് മുസ്ലീങ്ങളുടെ ധൈര്യം കെടുത്താനും മുസ്ലീങ്ങളെ യുദ്ധത്തിന് പോകുന്നതിൽ നിന്ന് ശക്തമായി

തടയാനും ശ്രമങ്ങൾ നടത്തി. അതിനായി അവർ പലതരം തന്ത്രങ്ങൾ പ്രയോഗിച്ചിരുന്നു. ഒരു കേന്ദ്രവും അവർ ഇതിനായി സ്ഥാപിച്ചു. ആ കേന്ദ്രം ഇല്ലാതാക്കാൻ നബിതിരുമേനി(സ) കല്പന നല്കി. നബി(സ) തന്റെ കാരുണ്യവും വാത്സല്യവും കാരണം ഈ ആളുകളോട് ക്ഷമിക്കുകയും വിട്ടുവീഴ്ച ചെയ്യുകയും ചെയ്തിരുന്നുവെങ്കിലും വ്യവസ്ഥിതിക്ക് ഭീഷണി ഉയർത്തുന്ന വല്ല ഗൂഢാലോചനയും കണ്ടാൽ അത് വലിയ തന്ത്രജ്ഞതയോടെ, എന്നല്ല കർശനമായ നിലയിൽ തന്നെ ഇല്ലാതാക്കാൻ നടപടിയെടുക്കുകയും ചെയ്തിരുന്നു. നിസാമിന്(വ്യവസ്ഥിതി) എതിരായി വരുമ്പോൾ അവിടെ കർശനം കാണിക്കുമെന്ന അടിസ്ഥാന തത്വം ഓർമ്മിക്കേണ്ടതാണ്. പിന്നെ അവിടെ മൃദുസമീപനത്തിന് സ്ഥാനമില്ല. ഇത്തരത്തിലുള്ള ഒരു നടപടി ഈ സന്ദർഭത്തിലും സ്വീകരിച്ചു.

എങ്കിലും, നബി (സ)യുടെ കാരുണ്യവും വിട്ടുവീഴ്ചയും ഇവിടെയും മിഴിച്ചും നിൽക്കുന്നതായികാണാം,അവിടുന്ന് അവരിൽ ആരെയും പിടികൂടാൻ കൽപ്പിച്ചില്ല, കൂടുതൽ ശിക്ഷയൊന്നും നൽകിയതുമില്ല. എന്നിരുന്നാലും, ഗൂഢാലോചനകളുടെ ആ താവളം, അതായത് ഹെഡ്ക്വാർട്ടേഴ്സ്, ഇല്ലാതാക്കി.

തബൂക്കിലേക്കുള്ള യാത്രയ്ക്കായി എല്ലാവരും ഒരുക്കങ്ങളിലായിരുന്നു. യാത്രാച്ചെലവുകൾക്കായി സാമ്പത്തിക ത്യാഗങ്ങളും തുടർന്നുകൊണ്ടിരുന്നു. പാവപ്പെട്ടവരും നിരാലംബരുമായ സ്വഹാബികൾ നബി(സ)യുടെ അടുക്കൽ ഹാജരാകുമ്പോൾ, അവർക്ക് ഒരുക്കങ്ങൾക്കായി സഹായം നൽകിയിരുന്നു. അതുപോലെ, കഴിവുള്ള ആളുകൾ യാത്ര ചെയ്യാൻ വാഹനമില്ലാത്ത സ്വഹാബികൾക്ക് വാഹനങ്ങൾ നൽകിയിരുന്നു. കാരണം, വാഹനം ഇല്ലാതെ ഈ യാത്ര സാധ്യമല്ലായിരുന്നു. കൂടാതെ, ശക്തിയുള്ളവനും യാത്രയുടെ പ്രയാസം സഹിക്കാൻ കഴിവുള്ളവനും വാഹനവും യാത്രാഭക്ഷണവും ലഭിക്കുന്നവനുമായ വ്യക്തി മാത്രമേ ഞങ്ങളുടെ കൂടെ പോകാവൂ എന്ന് നബി (സ) കല്പിക്കുകയും ചെയ്തിരുന്നു. ഈ സന്ദർഭത്തിൽ, ചില സ്വഹാബികൾ കരഞ്ഞുകൊണ്ട് നബി (സ)യുടെ അടുക്കൽ ഹാജരായി. അവർ അങ്ങയോട് യാത്രാവാഹനം നല്കാൻ അഭ്യർത്ഥിച്ചു, അവർക്ക് അത് ആവശ്യമായിരുന്നു. അപ്പോൾ നബിതിരുമേനി(സ)പറഞ്ഞു: നിങ്ങൾക്ക് യാത്രയ്ക്കായി നല്കാൻ എന്റെ പക്കൽ ഇപ്പോൾ ഒന്നുമില്ല. ഇത് കേട്ടപ്പോൾ അവർ കരഞ്ഞുകൊണ്ട് മടങ്ങിപ്പോയി.

ഈ സ്വഹാബികളുടെ ആത്മാർത്ഥതയുടെയും വിശ്വസ്തതയുടെയുംനിസ്സഹായാവസ്ഥയുടെയും അവസ്ഥ അല്ലാഹു വിശുദ്ധ ഖുർആനിൽ ഇങ്ങനെ വിവരിച്ചിരിക്കുന്നു:

“യുദ്ധം പ്രഖ്യാപിച്ച സമയത്ത് നിന്റെ അരികിൽ വന്നവരുടെ മേൽകുറ്റമൊന്നുമില്ല, അവർ വന്നത് നിന്നിൽനിന്ന് യാത്രാവാഹനം വാങ്ങാനായിട്ടാണ്. അപ്പോൾ നീ മറുപടി നൽകി: നിങ്ങൾക്ക് യാത്രയ്ക്കായി നല്കാൻ ഒരു സാധനവും എന്റെ കൈവശമില്ല. ഈ മറുപടി കേട്ട് അവർ മടങ്ങിപ്പോയി. ദൈവമാർഗ്ഗത്തിൽ ചെലവഴിക്കാൻ തങ്ങളുടെ പക്കൽ ഒന്നുമില്ലല്ലോ എന്ന ദുഃഖം കാരണം അവരുടെ കണ്ണുകളിൽ നിന്ന് കണ്ണുനീർ ഒഴുകുന്നാണ്ടായിരുന്നു.”

സൂറ:തൗബയിലെ ഒരു ആയത്താണ് ഇത്. പിന്നീട് ആ സഹാബികൾ യാത്രസൗകര്യം ലഭിക്കുകയും അവർ നബിതിരുമേനിയോ ടൊപ്പം യാത്ര പുറപ്പെടുകയും ചെയ്തു. ഹദ്റത്ത് അബൂ മൂസാ അശ്അരിയുടെ ഗോത്രക്കാരും നബിതിരുമേനി(സ)യുടെ യാത്രാവാഹനത്തിനായി അഭ്യർഥിച്ചിരുന്നു. അവർ ആറുപേരുണ്ടായിരുന്നു. അവർ ഹദ്റത്ത് അബൂ മൂസാ അശ്അരിയെ തങ്ങളുടെ പ്രതിനിധിയാക്കി നബി(സ)യുടെ അടുത്തേക്ക് അയച്ചു. അവർക്ക് നൽകാൻ തന്റെ അടുക്കൽ ഒന്നുമില്ല എന്നാണ് അവിടുന്ന് അവരോടും പറഞ്ഞത്. ഇത് കേട്ട് അവർ കരഞ്ഞുകൊണ്ട് അവിടെനിന്ന് മടങ്ങി. എന്നാൽ, ഇതിനിടയിൽ നബി(സ) ഹദ്റത്ത് സഅദ് ബിൻ ഉബാദയിൽ നിന്ന് ഒട്ടകങ്ങൾ വാങ്ങി. ഹദ്റത്ത് അബൂ മൂസാ അശ്അരി(റ)യെ വിളിച്ചുവരുത്തി അദ്ദേഹത്തോട് നബിതിരുമേനി (സ)പറഞ്ഞു: ഈ ഒട്ടകങ്ങളെ കൊണ്ടുപോയി

നിങ്ങളും നിങ്ങളുടെ കൂട്ടുകാരും എടുത്തു കൊള്ളുക.

ഈ യുദ്ധത്തിന് പോകുമ്പോൾ, മദീനയിൽ പ്രതിനിധികളെ നിയമിക്കുന്നതിനെക്കുറിച്ച് വിവിധ അഭിപ്രായങ്ങൾ ലഭിക്കുന്നുണ്ട്. ഒരു അഭിപ്രായപ്രകാരം, നബി(സ) ഹദ്റത്ത മുഹമ്മദ് ബിൻ മസ്ലമയെ മദീയിൽ തന്റെ അമീർ ആയി നിയമിച്ചു. കൂടാതെ,ഹദ്റത്ത് സ്വബാഹ് ബിൻ ഉർഫ(റ), ഹദ്റത്ത്അലി(റ), ഹദ്റത്ത്അബ്ദുല്ല ബിൻ ഉമ്മി മക്തൂം(റ) എന്നിവരുടെ പേരുകളും കാണാവുന്നതാണ്. ഈ വിരുദ്ധാഭിപ്രായങ്ങളെ ഇപ്രകാരം യോജിപ്പിക്കാം: ഈ നാല് പേരെയും പ്രതിനിധികളായി നിയമിച്ചിരുന്നുവെങ്കിലും അവരുടെ ഉത്തരവാദിത്തങ്ങളിൽ വ്യത്യാസമുണ്ടായിരുന്നു.

ഇതൊരു ദീർഘയാത്ര ആയിരുന്നതിനാൽ, നബി (സ) തന്റെ കുടുംബാംഗങ്ങളെ പരിചരിക്കുന്നതിനും ഗാർഹിക ആവശ്യങ്ങൾ പൂർത്തിയാക്കുന്നതിനും വേണ്ടി ഹദ്റത്ത് അലിയോട് (റ) മദീനയിൽ തന്നെ തങ്ങാൻ കൽപ്പിച്ചു. എന്നാൽ, കുത്തുവാക്കുകൾ പറയുന്നത് പതിവാക്കിയ കപടവിശ്വാസികൾ, 'ഇയാൾ നബി (സ)ക്ക് ഒരു ഭാരമായിരുന്നു, അതുകൊണ്ടാണ് അവിടുന്ന് കൂടെ കൊണ്ടുപോകാതിരുന്നത്' എന്ന് കെട്ടിച്ചമച്ച് പറയാൻ തുടങ്ങി. ഈ കുത്തുവാക്കുകൾ കേൾക്കുകയോ ചുറ്റുംകപടവിശ്വാസികളെ കണ്ട് പരിഭ്രമിക്കുകയോ ചെയ്ത ഹദ്റത്ത് അലിക്ക്(റ) ഉടൻ തന്നെ ആയുധമെടുത്ത് നബി(സ)യുടെ അടുക്കൽ ഹാജരായി. അവിടുന്ന് അപ്പോഴും മദീനയിൽ നിന്ന് ഏകദേശം മൂന്ന് കിലോമീറ്റർ അകലെയുള്ള ജുർഫ് എന്ന സ്ഥലത്ത് തങ്ങുകയായിരുന്നു. ഹദ്റത്ത് അലി(റ) തന്റെ ആശങ്കയും പരിഭ്രമവും അറിയിച്ചപ്പോൾ നബിതിരുമേനി (സ) ഹദ്റത്ത്അലി(റ)യെ ആശ്വസിപ്പിച്ചുകൊണ്ട് പറഞ്ഞ വാചകം ഹദ്റത്ത് അലിയുടെ സ്ഥാനമാഹാ ത്മ്യങ്ങളെ ഉയർത്തുന്നതായിരുന്നു. അവിടുന്ന് ഹദ്റത്ത് അലിയോട് (റ) പറഞ്ഞു: അല്ലയോ അലീ, ഹദ്റത്ത് ഹാറൂൻ(അ) മൂസാ(അ)യ്ക്ക് എപ്രാകാരമായിരുന്നുവോ അപ്രകാരമാണ് താങ്കൾ എനിക്ക്. താങ്കൾ അതിൽ തൃപ്തനല്ലേ? എന്നാൽ എനിക്കുശേഷം താങ്കൾ പ്രവാചകനല്ല.

തബൂക്കിലേക്കുള്ള മുസ്ലീങ്ങളുടെ എണ്ണത്തെക്കുറിച്ച് എഴുതിയിരിക്കുന്നു: നബി(സ) യുദ്ധത്തിന് വേണ്ട എല്ലാവിധ ഭൗതിക മാർഗ്ഗങ്ങളും ഒരുക്കിയശേഷം, പ്രാർത്ഥനയിലേക്ക്തിരിഞ്ഞു. ഒരുക്കങ്ങൾ തുടങ്ങിയത് മുതൽ തബൂക്കിലേക്ക് പുറപ്പെടുന്നത് വരെ അവിടുന്ന് ഈ പ്രാർത്ഥന ചെയ്തുകൊണ്ടിരുന്നു:

اللّٰهُمَّ اِنْ تُهْلَكْ هٰذِهِ الْعِصَابَةُ فَلَنْ تُعْبَدْ فِى الْاَرْضِ

'അല്ലാഹുവേ, ഈ ചെറിയ സമൂഹം നശിച്ചുപോയാൽ, ഈ ഭൂമിയിൽ പിന്നെ നിന്റെ ആരാധകൻ ആരുമുണ്ടാകില്ല.'

കൗതുകമെന്നു പറയട്ടെ, നബി(സ)യുടെ ആദ്യയുദ്ധമായ ബദറിലും ഈ പ്രാർത്ഥനയെക്കുറിച്ച് പരാമർശമുണ്ട്, അവിടുത്തെ ഈ അവസാനത്തെ യുദ്ധത്തിലും ഈ പ്രാർത്ഥനയെക്കുറിച്ച് പരാമർശമുണ്ട്.

എന്തായാലും, കടുത്ത ചൂടുള്ള കാലാവസ്ഥ, ദീർഘയാത്ര, മറ്റ് നിരവധി പ്രശ്നങ്ങൾ, കപടവിശ്വാസികളുടെ പ്രചാരണങ്ങൾ-ഇവയൊന്നും വകവയ്ക്കാതെ മുപ്പതിനായിരം വരുന്ന ഒരു വലിയ സൈന്യം തയ്യാറായി. ഇതിൽ പതിനായിരം കുതിരപ്പടയാളികൾ ഉണ്ടായിരുന്നു. നബി(സ)തിരുമേനി തന്റെ ജീവിതത്തിൽ യുദ്ധത്തിനായി തയ്യാറാക്കിയ ഏറ്റവും വലിയ സൈന്യമായിരുന്നു ഇത്.

തബൂക്ക് യുദ്ധത്തിൽ നബി(സ) ഏറ്റവും വലിയ പതാക ഹദ്റത്ത് അബൂബക്കറി(റ)നാണ് നൽകിയത്. കൂടാതെ, ഹദ്റത്ത് സുബൈർ(റ),ഹദ്റത്ത് ഉസൈദ്ബിൻഹുളൈർ (റ),ഹദ്റത്ത് അബൂ ദുജാന (റ), ചില നിവേദനങ്ങളനുസരിച്ച് ഹദ്റത്ത് ഹബ്ബാബ് ബിൻ മുൻദിർ (റ) എന്നിവർക്കും പതാകകൾ നൽകി. തബൂക്ക് യുദ്ധവേളയിൽ,റസൂലുല്ലാഹി (സ) അൽഖമ ബിൻ ഫഗ്‌വ ഖുസാഇയെയും അദ്ദേഹത്തിന്റെപിതാവിനെയും വഴികാട്ടിയായി തിരഞ്ഞെടുത്തു. അവർക്ക് വഴികളെക്കുറിച്ച് നന്നായി അറിയാമായിരുന്നു, വേഗത്തിൽ ശരിയായ വഴിയിലൂടെ കൊണ്ടുപോകാൻ അവർക്ക് കഴിയുമായിരുന്നു. ഹദ്റത്ത്

കഅബ് ബിൻ മാലിക് (റ) വിവരിക്കുന്നു: നബി കരീം (സ) തബൂക്ക് യുദ്ധത്തിനായി വ്യാഴാഴ്ച പുറപ്പെട്ടു. അവിടുന്ന് വ്യാഴാഴ്ച യാത്ര പുറപ്പെടാൻ ഇഷ്ടപ്പെട്ടിരുന്നു.

ഖുതുബയുടെ അവസാനം ഹുസൂർ അൻവർ ഇന്തോനേഷ്യൻ ജമാഅത്തിലെ മുറബ്ബി ആയിരുന്ന ബഹുമാന്യ ഗുലാം മുഹ്‌യുദ്ദീൻ സുലൈമാൻ സാഹിബ്, മുൻനായിബ് വക്കീലുത്തസ്നീഫ് തഹ്‌രീകെ ജദീദ് ബഹുമാന്യ ഡോ. മുഹമ്മദ് ഷഫീഖ് സഹഗൽസാഹിബ്, യു.എസ്.എയിലെ പർവേസ് മിൻഹാസ് സാഹിബിന്റെ ഭാര്യ ബുഷ്റ പർവേസ് മിൻ ഹാസ് സാഹിബ എന്നിവരെ അനുസ്മരിക്കുകയും ജനാസ ഗായിബ് നമസ്കരിക്കുന്നതാണെന്ന് വിളംബരപ്പെടുത്തുകയും ചെയ്തു.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ
بِهٖ وَ نَتَوَكَّلُ عَلَيْهِ وَ نَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ
مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ
يُّضْلِلْهُ فَلَا هَادِيَ لَهٗ ـ وَنَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ
مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ ـ عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ
بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِي الْقُرْبٰى وَيَنْهٰى عَنِ الْفَحْشَاءِ
وَالْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ
يَذْكُرْكُمْ وَادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ ـ

**FRIDAY SERMON SUMMARY** DELIVERED BY**HAZRAT KHALIFATUL MASIH V(ATBA)**

ISLAMABAD UK ON 24.10.2025

SUMMARIZED BY MAJLIS ANSARULLAH BHARAT

MALAYALAM TRANSLATION BY BM ARIF

FOR MALAYALAM DESK, QADIAN

PUBLISHED BY NAZARAT NASHR-O-ISHAAT,

SADR ANJUMAN AHMADIYYA QADIAN 143516